**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2401** **24-06-2024 - ൽ മറുപടിയ്ക്ക്**

**പരവൂർ കോട്ടപ്പുറം ഗവൺമെന്റ് എൽ.പി.എസ്. ന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ കോട്ടപ്പുറം ഗവൺമെന്റ് എൽ.പി.എസ്. ന് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിർവ്വഹണചുമതലയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി നിലവിൽ നൽകിയിട്ടുള്ള ഭരണാനുമതി തുക എത്രയാണെന്നും ആയത് പ്രകാരം ആദ്യകരാറുകാരൻ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും അറിയിക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ കോട്ടപ്പുറം ഗവൺമെന്റ് എൽ.പി.എസ്. എന്ന പദ്ധതിയ്ക്ക് കിഫ്ബി 01-12-2020 -ൽ 1.07 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. 18.12.2020 ൽ പദ്ധതിയുടെ നിർമ്മാണ സ്ഥലം ആദ്യത്തെ കരാറുകാരന് കൈമാറി നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ആദ്യ കരാറുകാരനെ നീക്കം ചെയ്ത് പുതിയ കരാർ നിലവിൽ വന്നിട്ടുണ്ടോ; കരാർ തുക സംബന്ധിച്ച് ധനകാര്യ വിഭാഗത്തിന്റെ നടപടി ക്രമങ്ങൾ പൂർത്തിയാകാൻ വൈകുന്നത് മൂലം പുതിയ കരാറുകാരന് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ആദ്യ കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചതിനെ തുടർന്ന് ഉടമ്പടി റദ്ദ് ചെയ്ത് ബാക്കി പ്രവൃത്തി നഷ്ടോത്തരവാദിത്തത്തിൽ ടെണ്ടർ ചെയ്തു. പുതിയ കരാർ നിലവിൽ വന്നിട്ടില്ല. ടെണ്ടർ നിരക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 10% കൂടുതൽ ആയതിനാൽ ഭരണ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ആയതിന് അനുമതി ലഭിക്കുന്നതിനായി 31.05.2024 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അനുമതി ലഭിക്കുന്ന മുറക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പദ്ധതി നിർവഹണ ഏജൻസി ആയ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC ) അറിയിച്ചിട്ടുണ്ട്. |
| (സി) | പരവൂർ കോട്ടപ്പുറം ഗവ: എൽ.പി.എസ്.ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള കരാർ തുക സംബന്ധിച്ച് ധനകാര്യ വിഭാഗത്തിന്റെ അനുമതി അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ആദ്യ കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചതിനെ തുടർന്ന് ഉടമ്പടി റദ്ദ് ചെയ്ത് ബാക്കി പ്രവൃത്തി നഷ്ടോത്തരവാദിത്തത്തിൽ ടെണ്ടർ ചെയ്തു. പുതിയ കരാർ നിലവിൽ വന്നിട്ടില്ല. ടെണ്ടർ നിരക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 10% കൂടുതൽ ആയതിനാൽ ഭരണ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ആയതിന് അനുമതി ലഭിക്കുന്നതിനായി 31.05.2024 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അനുമതി ലഭിക്കുന്ന മുറക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പദ്ധതി നിർവഹണ ഏജൻസി ആയ |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC ) അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ